പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --2907 22.06.2012- ലെ മറുപടിക്ക്

പ്രവാസി ക്ഷേമത്തിന് നോർക്ക നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. പാലോട് രവി
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ.മുരളീധരൻ

(എ) പ്രവാസി ക്ഷേമം ഉറപ്പാക്കാൻ നോർക്ക എന്തെല്ലാം കാര്യങ്ങളാണ് ഈ കാലയളവിൽ ചെയ്തിട്ടുള്ളത്;

ഉത്തരം

ശ്രീ. കെ. സി. ജോസഫ്

*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)*

(എ) പ്രവാസി ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ഇതിനകം തന്നെ നിലവിലുണ്ട്.

**സാന്ത്വന**

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 20,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്.

**കാരുണ്യം**

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസികേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

## ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും, ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

## കേരള പ്രവാസി കേരളീയ ക്ഷേമനിധി

30/11/2009 ൽ ജി.ഒ. (എം. എസ്.) 9/2009/നോർക്ക നമ്പർ ഉത്തരവുപ്രകാരം പ്രവാസി ക്ഷേമ ബോർഡ് നിലവിൽ വന്നിട്ടുണ്ട്. പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്ന പ്രവാസികൾക്ക് താഴെപറയുന്ന ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് പെൻഷൻ.

2. അഞ്ചു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ള അംഗം മരണമടഞ്ഞാൽ ആശ്രിതർക്ക് കുടുംബ പെൻഷൻ.

3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ.

4. അപകടം, രോഗം എന്നിവ മൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം.

5. അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം.

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പസഹായം.

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി

വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ.

300 രൂപ ഫീസ് നൽകി എടുക്കുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് മൂന്ന് വർഷത്തേക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും സ്ഥിര വൈകല്യങ്ങൾക്ക് 2,00,000 രൂപയും ഭാഗികമായ വൈകല്യങ്ങൾക്ക് 1,00,000 രൂപ വരെ നൽകാനും തീരുമാനമായിട്ടുണ്ട്. സൌദി അറേബ്യയിലെ ജയിലുകളിൽ നിന്നും മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി സൌജന്യടിക്കറ്റ് നൽകുന്ന 'സ്വപ്നസാഫല്യം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഇനി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി) പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം, വിവാഹ ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷ, പ്രസവാനുകൂല്യം, സ്വയംതൊഴിൽ വായ്പ, 55 വയസ്സ് കഴിഞ്ഞ പ്രവാസികൾക്കായി പ്രത്യേക ആനുകൂല്യ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. പന്ത്രണ്ടാം പദ്ധതിയിൽ പ്രവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്താൻ വേണ്ട ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളെ പറ്റിയുള്ള ബോധവൽക്കരണം/സെമിനാർ തുടങ്ങിയവ നടത്തുന്നതിന് നടപടികൾ എടുത്ത് വരുന്നുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം(2012 - 13) രണ്ട് കോടി രൂപ പുനരധിവാസത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>പ്രവാസി ലീഗൽ എയ്ഡ് സെൽ</u>

വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റ് നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം(2012 - 13) ഈ പദ്ധതിക്കായി 3.90 കോടി രൂപ. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

എൻ. ആർ. കെ. ബിസിനസ്സ് സെന്റർ

പ്രവാസി മലയാളികളുടെ നിക്ഷേപം കേരളത്തിലേക്ക് ആകർഷിക്കുന്നതിനും അവരുടെ നിക്ഷേപ താൽപര്യങ്ങളേയും സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനും എൻ. ആർ. കെ. ബിസിനസ്സ് സെന്റർ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

ഡയറക്റ്റേഴ്സ് സ്കോളർഷിപ്പ് ഫണ്ട്

വിദേശത്ത് ജോലി ചെയ്യുന്ന ഇ. സി. ആർ. കാറ്റഗറിയിലുൾപ്പെടുന്ന പ്രവാസി കേരളീയരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്കായി ഡയറക്റ്റേഴ്സ് സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വപ്നസാഫല്യം പദ്ധതി

വിദേശ രാജ്യങ്ങളിൽ ജയിലിലടയ്ക്കപ്പെടുന്നവരെ തിരിച്ച് നാട്ടിലെത്തിക്കുന്നതിന് സൗജന്യവിമാനടിക്കറ്റ് നൽകുന്ന പദ്ധതിയാണിത്. സൗദി അറേബ്യയിൽ ആരംഭിച്ച ഈ പദ്ധതി സർക്കാർ നേതൃത്വത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലും 2013 മുതൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതിനായി ഈ വർഷം(2012 - 13) ബഡ്ജറ്റിൽ 50 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ